## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3089 — 15-12-2015-ൽ മറുപടിക്ക്

## സിവിൽ സപ്ലൈസിന്റെ ആലപ്പുഴ ജില്ലയിലെ വില്പന കേന്ദ്രങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ.ജി.സുധാകരൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലയിൽ സിവിൽ സപ്ലൈസിന്റെ എത്ര വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കുമോ; | (എ) | (പട്ടിക താഴെ) |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയിൽ പുതുതായി എത്ര വില്പന കേന്ദ്രങ്ങൾ ആരംഭിച്ചുവെന്നും ആയത് എവിടെയെല്ലാമെന്നും വിശദമാക്കുമോ; | (ബി) | (പട്ടിക താഴെ) |

(എ)

| | | |
|---|---|---|
| 1. | മാവേലി സ്റ്റോർ | 58 എണ്ണം |
| 2. | സൂപ്പർ മാർക്കറ്റ് | 34 എണ്ണം |
| 3. | പീപ്പിൾസ് ബസാർ | 01 എണ്ണം |
| 4. | മെഡിക്കൽ സ്റ്റോർ | 13 എണ്ണം |
| 5. | എൽ.പി..ജി.ഔട്ട് ലെറ്റ് | 01 എണ്ണം |
| 6. | പെട്രോൾ ബങ്ക് | 01 എണ്ണം |
| 7. | മൊബൈൽ മാവേലി സ്റ്റോർ | 01 എണ്ണം |
| | ആകെ | 109 എണ്ണം |

(ബി)

| | |
|---|---|
| 1. | കുട്ടനാട് താലൂക്കിലെ പുളിങ്കുന്ന് മാവേലി സ്റ്റോർ |
| 2. | കാർത്തികപ്പള്ളി താലൂക്കിലെ കരുവാറ്റ മാവേലി സ്റ്റോർ |
| 3. | മൊബൈൽ മാവേലി സ്റ്റോർ, ചേർത്തല (അരൂർ) |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ ജില്ലയിൽ ലാഭകരമല്ലാത്തതായി പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസിന്റെ എത്ര ചില്ലറ വില്പന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം നിർത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ? | (സി) | സപ്ലൈകോയുടെ പ്രവർത്തന ലക്ഷ്യം പൊതുവിപണിയിൽ സജീവമായി ഇടപെട്ട് അവശ്യഭക്ഷ്യ വസ്തുക്കൾ ന്യായവിലയ്ക്ക് ആവശ്യത്തിന് പൊതുജനങ്ങൾക്ക് എത്തിയ്ക്കുന്നതിനും അതുവഴി പൊതുവിപണിയിലെ അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിച്ച് പൊതുജനങ്ങൾക്ക് ആശ്വാസമേകണം എന്നതാണ്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ പൊതുവിപണി വിലയേക്കാൾ 20 മുതൽ 60 % വരെ വിലകുറച്ച് സപ്ലൈകോ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മാത്രവുമല്ല സപ്ലൈകോയുടെ ഭൂരിപക്ഷം മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നത് കേരളത്തിന്റെ പിന്നോക്ക പ്രദേശങ്ങളിലാണ്.<br>മേൽ സാഹചര്യത്തിൽ സപ്ലൈകോയുടെ ചില്ലറ വിൽപനശാലകളായ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവയുടെ ലാഭനഷ്ട കണക്കുകൾ പ്രത്യേകമായി കണക്കാക്കാറില്ല. ആയതിനാൽ തന്നെ ലാഭകരമല്ല എന്ന കാരണത്താൽ മേൽ വിൽപ്പനശാലകളുടെ പ്രവർത്തനം നിർത്തിയിട്ടില്ല. |

Beena

**സെക്ഷൻ ഓഫീസർ**